(ബി) പുതിയതായി എത്ര ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു;

(സി) എന്നുമുതലാണ് പദ്ധതി നടപ്പാക്കി തുടങ്ങിയത്;

(ഡി) എന്തൊക്കെ പരിപാടികളാണ് പദ്ധതിയിലുള്ളത്;

(ഇ) എത്രലക്ഷം കുട്ടികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചു?

ഉത്തരം

(എ) 107 ബ്ലോക്കുകളിലും 6 നഗരപ്രദേശങ്ങളിലും സംയോജിത ശിശുവികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 5 ബ്ലോക്കുകളിലും 2 നഗരപ്രദേശങ്ങളിലും കൂടി പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്. ബാക്കി 40 ബ്ലോക്കുകളിലും പദ്ധതി നടപ്പിലാക്കുവാൻ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ എടുത്തുവരുന്നു.

(സി) 1995 ഒക്ടോബർ 2-ാം തീയതി മുതൽ.

(ഡി) പോഷകാഹാരം വിതരണം, പ്രതിരോധ കുത്തിവയ്പ്പ്, വൈദ്യപരിശോധന, പ്രീ സ്ക്കൂൾ വിദ്യാഭ്യാസം, റഫറൽ സർവീസ്, ആരോഗ്യ പോഷക വിദ്യാഭ്യാസം കുട്ടികളുടെ അതിജീവനവും മാതൃ സംരക്ഷണവും തുടങ്ങിയ പരിപാടികളാണ് നടപ്പാക്കിവരുന്നത്.

(ഇ) ഏകദേശം 576,665 കുട്ടികൾക്കും, 116,550 അമ്മമാർക്കും ഈ പദ്ധതി മുഖേന പ്രയോജനം ലഭിക്കുന്നുണ്ട്.

പുതിയതായി അനുവദിച്ച ഐ.സി.ഡി. എസ്. പ്രോജക്ടുകൾ

50 [1635] ശ്രീ. പുനലൂർ മധു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി അനുവദിച്ച ഐ. സി. ഡി. എസ്. പ്രോജക്ടുകളിൽ വർക്കർമാരേയും ഹെൽപ്പർമാരേയും നിയമിച്ച് പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത പ്രോജക്ടുകളിലേക്കാവശ്യമായ വർക്കർ മാരേയും ഹെൽപ്പർമാരേയും നിയമിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയതായി അനുവദിച്ച 14 ഐ. സി. ഡി. എസ്. പ്രോജക്ടുകളിൽ അംഗൻവാടി പ്രവർത്തകരെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റികൾ രൂപീകരിച്ച് തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നുണ്ട്. വർക്കല, വടക്കാഞ്ചേരി, വൈറ്റില എന്നി വിടങ്ങളിൽ സെലക്ഷൻ പൂർത്തിയായി, മറ്റു സ്ഥലങ്ങളിൽ ഉടനടി സെലക്ഷൻ പൂർത്തിയാക്കി അംഗൻവാടി കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടുകൂടി അംഗൻവാടി പ്രവർത്തകരുടെ തെരഞ്ഞെടുപ്പ് നടക്കാതിരിക്കുകയും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങളെകൂടി ചേർത്ത് തെരഞ്ഞെടുപ്പ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കേണ്ടിവന്നതു കാരണമാണ് അംഗൻവാടി പ്രവർത്തകരുടെ തെരഞ്ഞെടുപ്പും നിയമനവും വൈകിയത്.

കുട്ടികളുടെ ക്ഷേമത്തിനായി നടപടി

51 [1636] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ക്ഷേമത്തിനായി ഗവൺമെൻറ് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻെറ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കുട്ടികളുടെ ക്ഷേമത്തിനായി ഫലപ്രദമായ പദ്ധതികൾ ഇപ്പോഴുതന്നെ നിലവിലുണ്ട്.

(ബി) കുട്ടികളുടെ ക്ഷേമത്തിനായി സംയോജിത ശിശുവികസന പദ്ധതി (ഐ. സി. ഡി. എസ്.), യു. എസ്. എൻ. പി. ഡേ കെയർ സെൻറർ, ക്രഷ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

അനാഥാലയങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സൗകര്യം

52 [1637] ശ്രീ. സി. പി. നാരായണൻ:
ശ്രീമതി എൻ. കെ. രാധ:
ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അനാഥാലയങ്ങൾ ഉണ്ട്; ഇവയിൽ എത്ര അന്തേവാസികൾ ഉണ്ട്;

(ബി) അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ എത്ര കുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്; ഇതിനായി 1994-95, 1995-96 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുക എത്ര; ഇതിനായി പ്രസ്തുത വർഷങ്ങളിൽ നീക്കിവച്ച തുക എത്ര;

(ഡി) അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഇപ്പോൾ എന്തുതുകയാണ് ധനസഹായമായി നൽകുന്നത്; ഈ ഇനത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര?

LIBRARY ARCHIVES Kerala Legislative Assembly